വർദ്ധിപ്പിച്ചതെന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഗാർഹിക ഉപഭോക്താക്കൾക്കും, കാർഷിക വാണിജ്യ മേഖലകളിലും ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് ഉണ്ടായിരുന്ന വൈദ്യുതി നിരക്കും ഇപ്പോഴത്തെ നിരക്കും തമ്മിൽ താരതമ്യം ചെയ്യുമോ ;

(സി) പ്രസ്തുത കാലയളവിൽ ഇത്തരം നിരക്ക് വർദ്ധനവിലൂടെ എന്ത് തുകയുടെ അധിക വരുമാനമുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) '3' പ്രാവശ്യം. അതായത് 2012 ജൂലൈ ഒന്നാം തീയതി മുതലും 2013 മേയ് ഒന്നാം തീയതി മുതലും 2014 ആഗസ്റ്റ് 16-ാം തീയതി മുതലും താരിഫ് വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. അവസാനമായി സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ താരിഫ് വർദ്ധിപ്പിച്ചത് 2014 ആഗസ്റ്റ് 16 തീയതി മുതലാണ്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു. *

(സി) 2012 ജൂലൈ ഒന്നാം തീയതി മുതൽ നടപ്പിലാക്കപ്പെട്ട താരിഫ് വർദ്ധനവിലൂടെ പ്രതിമാസം 130 കോടി രൂപയുടെ അധിക വരുമാനവും 2013 മേയ് ഒന്നാം തീയതി മുതൽ നടപ്പിലാക്കപ്പെട്ട താരിഫ് വർദ്ധനവിലൂടെ പ്രതിമാസം 55 കോടിയുടെ അധികവരുമാനവും 2014 ആഗസ്റ്റ് 16-ാം തീയതി മുതൽ നടപ്പിലാക്കപ്പെട്ട താരിഫ് വർദ്ധനവിലൂടെ ഏകദേശം 80 കോടി രൂപയുടെ അധിക വരുമാനവും ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാൻ നടപടി

2 (342) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ തുക അടച്ച്, 2 വർഷം പിന്നിട്ടിട്ടും മീറ്ററുകൾ സ്ഥാപിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മീറ്ററുകൾ അടിയന്തരമായി സ്ഥാപിക്കുന്നതിനും അതുവരെ ഡെപ്പോസിറ്റുകൾക്ക് പലിശ അനുവദിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രാമപഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന തെരുവുവിളക്കുകൾക്ക് അടിയന്തരമായി മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഡെപ്പോസിറ്റുകൾക്ക് പലിശ നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല

കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികകൾ

3 (343) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ. എസ്. ഇ. ബി. യിൽ നിലവിൽ എത്ര മസ്ദൂർ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത് ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) വൈദ്യുതി വിതരണ-സേവന രംഗത്ത് അത്യന്താപേക്ഷിതമായ മസ്ദൂർ തസ്തികകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 521 തസ്തികകൾ, ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	102
കൊല്ലം	5
കോട്ടയം	5
പത്തനംതിട്ട	2
ആലപ്പുഴ	14
എറണാകുളം	16
ഇടുക്കി	26
തൃശ്ശൂർ	110
വയനാട്	76

LIBRARY ARCHIVES Kerala Legislative Assembly